# കേരള സർവകലാശാല

നം. പി.ആർ.063/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എൽ.എൽ.എം ഫലം

കേരള സർവകലാശാല 2016 സെപ്തംബറിൽ നടത്തിയ നാലാം സെമസ്റ്റർ എൽ.എൽ.എം പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഏപ്രിൽ 12 വരെ അപേക്ഷിക്കാം. കേരള ലാ അക്കാദമി ലോ കോളേജിലെ രാധിക.ആർ.പി. ഒന്നാം റാങ്ക് നേടി (1279 മാർക്ക്).

### ബി.എ ഓണേഴ്സ് വാചാപരീക്ഷ

കേരള സർവകലാശാല ഏപ്രിലിൽ നടത്തുന്ന ആറാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് & ലിറ്ററേച്ചർ പരീക്ഷയുടെ വാചാപരീക്ഷയും പെർഫോമെൻസും (നാടകാവതരണം) യഥാക്രമം മാർച്ച് 24-നും, 27-നും ഗവ. വിമെൻസ് കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### പെൻഷൻകാർ മസ്റ്റർ ചെയ്യണം

കേരള സർവകലാശാലയിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവർ ഏപ്രിൽ ഒന്ന് മുതൽ മെയ് 15 വരെ മസ്റ്റർ ചെയ്യുകയോ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ ചെയ്യാത്തപക്ഷം ജൂൺ മുതൽ പെൻഷൻ ലഭിക്കുന്നതല്ല. മസ്റ്റർ ചെയ്യാൻ തിരിച്ചറിയൽ രേഖ സഹിതം ഹാജരാകേണ്ടതാണ്. 2017-18 സാമ്പത്തിക വർഷം ആദായ നികുതിയുടെ പരിധിയിൽ വരുന്നവർ നികുതി കണക്കാക്കി അനുബന്ധ രേഖകൾ സഹിതം ഏപ്രിൽ 30-ന് മുമ്പ് പെൻഷൻ സെക്ഷനിൽ നൽകേണ്ടതാണ്.

### ബി.ടെക് സപ്ലിമെന്ററി പുതുക്കിയ ടൈംടേബിൾ

കേരള സർവകലാശാല നടത്തുന്ന ഏഴാം സെമസ്റ്റർ ബി.ടെക് 2008 സ്കീം സപ്ലിമെന്ററി പരീക്ഷയുടെ പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ദേശീയ വർക്ക്ഷോപ്പ്

കേരള സർവകലാശാല ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് പഠനവകുപ്പിന്റേയും സെന്റർ ഫോർ ഇൻഫർമേഷൻ ലിറ്ററസി സ്റ്റഡീസിന്റേയും ആഭിമുഖ്യത്തിൽ മാർച്ച് 24,25 തീയതികളിൽ നടത്തുന്ന മൂഡിലിനെ കുറിച്ചുള്ള ദേശീയ വർക്ക്ഷോപ്പ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് പഠനവകുപ്പിൽ പ്ലാനിംഗ് ആന്റ് ഡവലപ്മെന്റ് ഡയറക്ടർ ഡോ.മിനി ഡിജോ കാപ്പൻ ഉദ്ഘാടനം ചെയ്യും.

### ബി.എഡ് ടൈംടേബിൾ

കേരള സർവകലാശാല ഏപ്രിൽ മൂന്നിന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.എഡ് ഡിഗ്രി ഓൺലൈൻ (ദ്വിവൽസര കോഴ്സ് - 2015 സ്കീം - റെഗുലർ) പരീക്ഷാടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

വിദ്യാർത്ഥികൾ അവരുടെ കോളേജുകളിൽ നിന്നും ഹാൾടിക്കറ്റ് കൈപ്പറ്റി, അവർക്ക് അനുവദിച്ചിട്ടുള്ള സമയത്തു തന്നെ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ ഹാജരായി പരീക്ഷ എഴുതേണ്ടതാണ്.

തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ
23.03.2017

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**